പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.666 05.06.2018-ലെ മറുപടിയ്ക്ക്

## സ്റ്റേഡിയം നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.മമ്മൂട്ടി**<br>**,, മഞ്ഞളാംകുഴി അലി**<br>**,, ടി.എ.അഹമ്മദ് കബീർ**<br>**,, പി.കെ.അബ്ദു റബ്ബ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | എല്ലാ പഞ്ചായത്തുകളിലും നിലവാരമുള്ള സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ പദ്ധതിയുണ്ടോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ പഞ്ചായത്തിലും നിലവാരമുള്ള ഒരു മിനി സ്റ്റേഡിയം പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്നതാണെന്ന് 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. പ്രാരംഭമെന്ന നിലയിൽ 41 പ്രോജക്ടുകൾ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് പ്രസംഗങ്ങളിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയിൽ എത്ര സ്റ്റേഡിയങ്ങളുടെ പണി പൂർത്തിയായിട്ടുണ്ട്; | (ബി) | ഈ പദ്ധതി പ്രകാരം നിലവിൽ ഒരു സ്റ്റേഡിയത്തിന്റേയും പണി പൂർത്തിയായിട്ടില്ല. |
| (സി) | നിർമ്മാണത്തിലിരിക്കുന്ന സ്റ്റേഡിയങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ? | (സി) | പത്തനംതിട്ട ജില്ലയിലെ കൊടുമൺ സ്റ്റേഡിയം, കാസർഗോഡ് ജില്ലയിലെ നിലേശ്വരം ഇ.എം.എസ് സ്റ്റേഡിയം എന്നീ സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന്റെ ഉദ്ഘാടനം യഥാക്രമം 23.05.2018, 24.05.2018 എന്നീ തീയതികളായി നടത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രാമപഞ്ചായത്തിലെ ഇ.എം.എസ് സ്റ്റേഡിയത്തിന്റെ നിർമ്മാണം പഞ്ചായത്തിന്റെ അധീനതയിലുള്ള 5.50 ഏക്കർ ഭൂമിയിലാണ് നിർവ്വഹിക്കുന്നത്. ഇതിനായി ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. ഇതിൽ 6.49 കോടി രൂപയുടെ സ്പെഷ്യലിസ്റ്റ് പ്രവൃത്തിയും 7.58 കോടി രൂപയുടെ സിവിൽ പ്രവൃത്തികളുമാണ് ഉള്ളത്.

സ്പെഷ്യലിസ്റ്റ് സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികളിൽ 6 ലെയ്നുകളുള്ള 400 മീറ്റർ സിന്തറ്റിക് ട്രാക്ക്, സിന്തറ്റിക് ബാസ്കറ്റ് ബോൾ കോർട്ട്, വോളിബോൾ കോർട്ട് എന്നിവയുടെ നിർമ്മാണമാണ് നിർവ്വഹിക്കുന്നത്.

സിവിൽ പ്രവൃത്തികളിൽ സ്വാഭാവിക പുൽത്തകിടിയോടുകൂടിയ ഫുട്ബോൾ കളിസ്ഥലം (105 X 68 മീറ്റർ), മിനി കോൺഫറൻസ് ഹാളോടുകൂടിയ കാര്യാലയ സമുച്ചയം (3089 സ്ക്വയർ ഫീറ്റ്), ഗ്യാലറി, മറ്റ് അനുബന്ധസൗകര്യങ്ങൾ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിയിലെ ഇ.എം.എസ് സ്റ്റേഡിയത്തിന്റെ നിർമ്മാണം നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള 7.018 ഏക്കർ ഭൂമിയിലാണ് നിർവ്വഹിക്കുന്നത്. ഇതിനായി ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. ഇതിൽ 6.89 കോടി രൂപയുടെ സ്പെഷ്യലിസ്റ്റ് പ്രവൃത്തിയും 10.13 കോടി രൂപയുടെ സിവിൽ പ്രവൃത്തികളുമാണ് ഉള്ളത്.

സ്പെഷ്യലിസ്റ്റ് സ്പോർട്സ് ഫ്ലോറിംഗ് പ്രവൃത്തികളിൽ 6 ലെയ്നുകളുള്ള 400 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, ഗ്യാലറി സൗകര്യത്തോടുകൂടിയ സിന്തറ്റിക് ബാസ്കറ്റ് ബോൾ, വോളിബോൾ കോർട്ടുകൾ എന്നിവയുടെ നിർമ്മാണമാണ് നിർവ്വഹിക്കുന്നത്.

സിവിൽ പ്രവൃത്തികളിൽ സ്വാഭാവിക പുൽത്തകിടിയോടുകൂടിയ ഫുട്ബോൾ കളിസ്ഥലം (105 X 68 മീറ്റർ), 3 നിലകളുള്ള പവലിയൻ കെട്ടിടം, പരിശീലനത്തിനുള്ള നീന്തൽ കുളം (25 X 12.5 മീറ്റർ), മറ്റ് അനുബന്ധസൗകര്യങ്ങൾ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

S.O